I/55731/2023

**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

**പത്രക്കുറിപ്പ്**

KEAM -2023

**കേരള ആയുർവേദ [BAMS], ഹോമിയോപ്പതി [BHMS], സിദ്ധ [BSMS],യുനാനി [BUMS] എന്നീ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം**

**നീറ്റ് ഫലം ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള അവസരം**

2023-24 അധ്യയന വർഷം സംസ്ഥാനത്തെ മെഡിക്കൽ കോഴ്സുകളായ ആയുർവേദ [BAMS], ഹോമിയോപ്പതി [BHMS], സിദ്ധ [BSMS], യുനാനി [BUMS] എന്നീ കോഴ്സുകളിൽ പ്രവേശനത്തിനായി 10.11.2023 ലെ വിജ്ഞാപന പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് KEAM -2023-ലൂടെ ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുകയും, NTA നടത്തിയ നീറ്റ് (യു.ജി)-2023 പരീക്ഷയിൽ നിശ്ചിത യോഗ്യത നേടുകയും ചെയ്ത വിദ്യാർത്ഥികൾക്ക് അവരുടെ നീറ്റ് (യു.ജി)-2023 ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കുന്നതിന് **2023 നവംബർ 16 മുതൽ 17 വൈകുന്നേരം 4 മണി വരെ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ സൗകര്യം ലഭ്യമാകുന്നതാണ്.

നിശ്ചിത സമയത്തിനകം നീറ്റ് പരീക്ഷാ ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി സമർപ്പിക്കാത്ത അപേക്ഷകരെ 2023 – ലെ ആയുർവേദ [BAMS], ഹോമിയോപ്പതി [BHMS], സിദ്ധ [BSMS], യുനാനി [BUMS] എന്നീ കോഴ്സുകളിലേയ്ക്കുള്ള റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെടുത്തുന്നതല്ല. തപാൽ വഴിയോ നേരിട്ടോ സമർപ്പിച്ച രേഖകളോ അപേക്ഷകളോ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റിലെ പ്രോസ്പെക്ടസും വിശദമായ വിജ്ഞാപനവും കാണുക.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

തിരുവനന്തപുരം

16-11-2023

**പ്രവേശന പരീക്ഷാ കമ്മീഷണർ**